18.06.2025 ൽ പ്രോഗ്രാം ഓഫീസർമാരുമായി നടത്തിയ ഓൺലൈൻ മീറ്റിംഗ് മിനിറ്റ്സ്.

പങ്കെടുത്തവര്

1. ശ്രീമതി നിഷ രാജൻ (സീനിയർ സൂപ്രണ്ട്)
2. ശ്രീമതി ബിന്ദു (ജൂനിയർ സൂപ്രണ്ട്)
3. ശ്രീമതി നജീമാബീവി (സെക്ഷൻ ക്ലർക്ക് )

കൂടാതെ 14 ജില്ലകളിലെ പ്രോഗ്രാം ഓഫീസർമാരും മീറ്റിംഗിൽ പങ്കെടുത്തു . മീറ്റിംഗ് ഉച്ചയ്ക്ക് ശേഷം 3-pm-നു ആരംഭിച്ചു.

പോഷകബാല്യം പദ്ധതിയുടെ 2025-26-ലെ ഭരണാനുമതി ഉത്തരവ് പ്രകാരം ആഴ്ചയിൽ 3 ദിവസം മുട്ടയും 3 ദിവസം പാലും വിതരണം ചെയ്യുന്നതിനും മുട്ടയ്ക്ക് 10 രൂപയും പാലിന് 60 രൂപയുമായി തുക വർദ്ധിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ പദ്ധതി പുതുക്കിയ രീതിയിൽ നടത്തുന്നതിനു കീഴ് കാര്യാലയങ്ങൾക്ക് മാർഗനിർദേശം നൽകിയിരുന്നു. ആയതു സംബന്ധിച്ച് മീറ്റിംഗിൽ പ്രോഗ്രാം ഓഫീസർമാരുമായി ചർച്ച ചെയ്യുകയുണ്ടായി.

സർക്കാർ ഉത്തരവു പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിൽ മാത്രം ടെണ്ടർ/ക്വട്ടേഷൻ വിളിക്കുന്നതിനാണ് അനുമതി ലഭ്യമായിരിക്കുന്നത് എന്നും ഈ സാഹചര്യത്തിൽ നിർദേശാനുസരണം സ്റ്റോർ പർച്ചേസ് റൂൾസ് പാലിച്ച് ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർ മാർ അതാത് ഐ സി ഡി എസ് പരിധിയിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ആയി ടെണ്ടർ/ക്വട്ടേഷൻ നടപടി സ്വീകരിക്കുന്നു എന്ന് ജില്ല തലത്തിൽ അവലോകനം നടത്തി ഉറപ്പാക്കേണ്ടതാണ് എന്ന് അറിയിച്ചു.

നിലവിലെ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ നിർദേശത്തിന്മേൽ ജില്ലകളിൽ നിന്നും നിരവധി സംശയങ്ങൾ ഉന്നയിക്കുകയുണ്ടായി. പദ്ധതി നടത്തിപ്പിലെ പ്രായോഗിക ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് സർക്കാരിലേക്ക് പ്രൊപോസൽ സമർപ്പിച്ചിട്ടുണ്ട് എന്നും സ്പഷ്ടീകരണം ലഭ്യമാകുന്ന മുറക്ക് തുടർനിർദേശങ്ങൾ നൽകുന്നതാണെന്നും സീനിയർ സൂപ്രണ്ട് അറിയിച്ചു. നിലവിലെ നിർദേശ പ്രകാരം ഉള്ള ടെണ്ടർ/ക്വട്ടേഷൻ നടപടി ക്രമം പൂർത്തിയാകുന്നത് വരെ മുൻ വർഷത്തേക്ക് പദ്ധതി നടത്തിപ്പിനായി നില നിന്നിരുന്ന വിതരണ സംവിധാനം തുടർന്ന് പോകുന്നതിനു അനുമതി നൽകിയിട്ടുള്ള സാഹചര്യത്തിൽ പദ്ധതിയിൽ തടസ്സം നേരിടുന്നില്ല എന്ന് ജില്ലകളിൽ അവലോകനം നടത്തി ഉറപ്പാക്കേണ്ടതാണെന്നു അറിയിച്ചു. യാതൊരു സാഹചര്യത്തിലും പദ്ധതിയിൽ മുടക്കം വരാൻ പാടില്ലായെന്നും പദ്ധതി പ്രകാരം ആഴ്ചയിൽ 3 ദിവസം മുട്ടയും 3 ദിവസം പാലും അങ്കണവാടികളിലെത്തുന്ന കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതാണെന്നും മീറ്റിംഗിൽ അറിയിച്ചു .

വനിതാ ശിശു വികസന ഡയറക്ടർക്ക് വേണ്ടി

3.30 മണിയോട് കൂടി മീറ്റിംഗ് അവസാനിച്ചു.